# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2073 — **18.06.2013**- ലെ മറുപടിക്ക്

**<u>നിയമനങ്ങളിൽ ശാരീരിക വൈകല്യമുള്ളവർക്ക് പ്രാതിനിധ്യം</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പാലോട് രവി<br>ശ്രീ. എ. റ്റി. ജോർജ്<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| എ) സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ ശാരീരിക വൈകല്യമുള്ളവർക്ക് പ്രാതിനിധ്യം നൽകുന്ന പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;<br>ബി) എങ്കിൽ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; | (എ) യും (ബി) യും — സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ ശാരീരിക വൈകല്യമുള്ളവർക്ക് പ്രാതിനിധ്യം നൽകുന്നതിനുള്ള പദ്ധതി രൂപീകരിച്ചിട്ടില്ല. എന്നാൽ ഇതു സംബന്ധിച്ച വ്യവസ്ഥ കേരള സഹകരണ സംഘം നിയമത്തിന്റെ 80-ാം വകുപ്പിൽ ഉപവകുപ്പ് (5) ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) എന്തൊക്കെ ആനുകൂല്യങ്ങളാണ് പദ്ധതി മുഖേന നടപ്പിലാക്കുന്നത്; | സി) സഹകരണ സംഘങ്ങളിലെ ആകെയുള്ള തസ്തികകളിലെ ജീവനക്കാരുടെ എണ്ണത്തിന്റെ 3%, നാൽപ്പത് ശതമാനമോ അതിൽ കൂടുതലോ ശാരീരിക വൈകല്യമുള്ളതായി മെഡിക്കൽ ബോർഡ് സാക്ഷ്യപ്പെടുത്തിയിട്ടുള്ളവർക്കായി സഹകരണ സംഘം നിയമം 80-ാം വകുപ്പിന്റെ ഉപ വകുപ്പ് (5) പ്രകാരം സംവരണം ചെയ്തിട്ടുണ്ട്. ഒരു സഹകരണ സംഘത്തിലെ അംഗീകൃത തസ്തികയിലെ ജീവനക്കാരുടെ എണ്ണം പത്തിൽ കൂടുതലും മുപ്പത്തിമൂന്നിൽ കുറവും ആയ സഹകരണ സ്ഥാപനങ്ങളിൽ കുറഞ്ഞത് ഒരു തസ്തിക ശാരീരിക വൈകല്യമുള്ളവർക്കായി സംവരണം ചെയ്യുവാനും പ്രസ്തുത വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| ഡി) പദ്ധതി നടപ്പിലാക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ? | ഡി) കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 80-ലെ ഉപവകുപ്പ് (5) പ്രകാരം ശാരീരിക വൈകല്യമുള്ള വ്യക്തികൾക്കായി സംവരണം ചെയ്തിട്ടുള്ള 3% ഒഴിവുകൾ നിർണ്ണയിച്ച്, പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നേരിട്ട് നിയമനം നടത്തേണ്ട അപ്പക്സ് സഹകരണ സ്ഥാപനങ്ങളിലെയും ജില്ലാ സഹകരണ ബാങ്കുകളിലെയും മേൽ പ്രകാരമുള്ള ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷനും, സഹകരണ സർവ്വീസ് |

പരീക്ഷാ ബോർഡ് മുഖേന നിയമനം നടത്തേണ്ട സംഘങ്ങളിലെയും/ബാങ്കുകളിലെയും മേൽപ്രകാരം നിർണ്ണയിച്ച ഒഴിവുകൾ സഹകരണ സർവ്വീസ് പരീക്ഷ ബോർഡിനും അടിയന്തിരമായി റിപ്പോർട്ട് ചെയ്യുവാനും സഹകരണ സംഘങ്ങളിലെ/ബാങ്കുകളിലെ ഭരണ സമിതി നേരിട്ട് നിയമനം നടത്തേണ്ട തസ്തികകളിലെ മേൽ പ്രകാരം നിർണ്ണയിച്ച ഒഴിവുകളിൽ നേരിട്ട് നിയമനം നടത്തുന്നതിനുമുള്ള നടപടി സ്വീകരിക്കുവാനും സഹകരണ സംഘങ്ങൾക്ക്/ബാങ്കുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മേൽ പ്രകാരമുള്ള നിർദ്ദേശങ്ങളിന്മേൽ സഹകരണ സംഘങ്ങൾ/ബാങ്കുകൾ/സ്ഥാപനങ്ങൾ സ്വീകരിച്ച നടപടി വിവരം യഥാസമയം ബന്ധപ്പെട്ട ജില്ലാ ഭരണ വിഭാഗം ജോയിന്റ് രജിസ്ട്രാറെയും സഹകരണ സംഘം രജിസ്ട്രാറെയും അറിയിക്കുവാൻ ടി സംഘങ്ങളിലെ/ബാങ്കുകളിലെ/സ്ഥാപനങ്ങളിലെ ചീഫ് എക്സിക്യൂട്ടീവ്മാർക്കും ടി സംവരണ വ്യവസ്ഥകൾ സഹകരണ സംഘങ്ങൾ/ബാങ്കുകൾ/സ്ഥാപനങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുവാൻ ടി സംഘങ്ങളിലെ/ബാങ്കുകളിലെ/സ്ഥാപനങ്ങളിലെ ആഡിറ്റർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ടി സംവരണ വ്യവസ്ഥകൾ പാലിക്കുന്നതിൽ മനഃപൂർവ്വം വീഴ്ച വരുത്തുന്ന പക്ഷം ടി സംഘങ്ങൾക്ക്/ബാങ്കുകൾക്ക്/സ്ഥാപനങ്ങൾക്ക് എതിരെ നിയമാനുസൃത നടപടി സ്വീകരിക്കുവാൻ ജില്ലാ ഭരണ വിഭാഗം ജോയിന്റ് രജിസ്ട്രാർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ